Malappuram District Police

# 04.10.2017 കൊളത്തൂർ

പാങ്ങ് ചേണ്ടിയിലെ കുറുവ പഞ്ചായത്ത് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ രോഗികളെ പരിശോധിക്കാനും എംആർ വാക്സിൻ കുത്തിവയ്പിനും ഡോക്ടർമാരില്ലാത്തതിനെച്ചൊല്ലി ബഹളം. ആശുപത്രിയിലെ ഡോക്ടറുടെ പരാതിയിൽ മൂന്ന് പേരെ അറസ്റ്റ് ചെയ്തു. ഡോക്ടറുടെ ജോലി തടസ്സപ്പെടുത്തിയതിന് പൂഴിത്തറ സുൽഫിക്കർ (25), പൊറ്റയിൽ തസ്‌വിക്(19), മൂഴിക്കൽ ഫാസിൽ(22) എന്നിവരെയാണ് എസ്ഐ കെ.പി. സുരേഷ് ബാബു, അഡീഷനൽ എസ്ഐ രാമകൃഷ്ണൻ, എഎസ്ഐ മോഹൻദാസ്, സിപിഒ-മാരായ ഷറഫുദ്ദീൻ, സുനിൽ എന്നിവരടങ്ങിയ സംഘം അറസ്റ്റ് ചെയ്തത്. ഇന്നലെ രാവിലെയാണ് സംഭവം. ആശുപത്രിയിൽ മൂന്നു ഡോക്ടർമാരുണ്ടെങ്കിലും ഒരാൾ ദീർഘകാല അവധിയിലാണ്. ഇന്നലെ മറ്റൊരാൾ കൂടി അവധിയിലായി. ഇതോടെ ആശുപത്രിയിൽ ഒരു ഡോക്ടർ മാത്രമാണ് ഡ്യൂട്ടിക്കെത്തിയത്. ചികിത്സ തേടി ഒട്ടേറെ രോഗികളും എത്തി. അതേസമയം തന്നെ സമീപത്തെ പാങ്ങ് ഗവ. സ്കൂളിൽ എംആർ വാക്സിനേഷന്റെ പഞ്ചായത്തുതല ഉദ്ഘാടന ക്യാംപും തുടങ്ങി. കുത്തിവയ്പ് സ്ഥലത്തേക്ക് പോകാൻ തുടങ്ങിയ ഡോക്ടറെ ചിലർ തടഞ്ഞുവച്ചു. രോഗികളെ പരിശോധിക്കാതെ പോകാൻ അനുവദിക്കില്ലെന്ന് നിലപാടെടുത്തതോടെ സംഘർഷാവസ്ഥയായി. ആശുപത്രി അധികൃതർ അറിയിച്ചതനുസരിച്ച് സ്ഥലത്തെത്തിയ പോലീസിന്റെ സഹായത്തോടെയാണ് ഡോക്ടർ കുത്തിവയ്പ്പു സ്ഥലത്തേക്ക് പോയത്.